**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2510** **13-02-2024 - ൽ മറുപടിയ്ക്ക്**

**കേരളത്തിന് ലഭിച്ച കേന്ദ്ര ധനസഹായവും നികുതി വിഹിതവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ വരുമാനം സമാഹരിക്കുന്നതിൽ മികച്ച പ്രകടനം കാഴ്ചവച്ചിട്ടും സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നുള്ള ധനസഹായവും നികുതി വിഹിതവും കുറയ്ക്കുകയാണുണ്ടായത് എന്നത് ആധികാരികമായി വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | റവന്യൂ വരുമാനം സമാഹരിക്കുന്നതിൽ സംസ്ഥാനം മികച്ച പ്രകടനമാണ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനത്തിൽ 2021-22-നെ അപേക്ഷിച്ച് 2022-23-ൽ യഥാക്രമം 23.36 ശതമാനത്തിന്റെയും 44.50 ശതമാനത്തിന്റെയും വർദ്ധനവാണുണ്ടായിട്ടുള്ളത്. ഈ പശ്ചാത്തലത്തിലും ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറഞ്ഞതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | ജനങ്ങൾക്ക് സൗജന്യങ്ങൾ പാടില്ലെന്ന കേന്ദ്ര നിലപാട് സംസ്ഥാനം തള്ളിക്കളഞ്ഞിട്ടുണ്ടോ; വികസന, ക്ഷേമ പ്രവർത്തനങ്ങൾക്ക് ഒരു കുറവും വരുത്താതെ സംസ്ഥാനത്തെ വികസന ലക്ഷ്യങ്ങളിലേക്ക് നയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സാമ്പത്തിക അസമത്വത്തിനെതിരെയും ദാരിദ്ര്യത്തിനെതിരെയും പൊരുതുന്നതിന് ജനങ്ങൾക്ക് നേരിട്ട് സൗകര്യങ്ങൾ എത്തിക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. |
| (സി) | നവ ഉദാര സാമ്പത്തിക നയം തീവ്രമായി നടപ്പാക്കുന്ന രാജ്യത്ത്, കൃത്യമായ ബദൽ വഴികൾ തേടിക്കൊണ്ട് ഈ സർക്കാർ പ്രവർത്തിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേന്ദ്രം തുടർന്ന് വരുന്ന നയങ്ങൾക്കു ബദലായി കേരള മാതൃകയെ വളർത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്തിന്റെ സാധ്യതകളാകെ ഉപയോഗിച്ച് പൊതു-സ്വകാര്യ |

| | | | |
|---|---|---|---|
| | | | മൂലധന നിക്ഷേപം ശക്തിപ്പെടുത്തി, പദ്ധതികൾ അതിവേഗം നടപ്പിലാക്കാനാണ് സംസ്ഥാന സർക്കാർ പരിശ്രമിക്കുന്നത്. ചുരുങ്ങിയ കാലത്തിനുള്ളിൽ പൂർത്തിയാക്കാവുന്നതും തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതുമായ മേഖലകൾ, ഇടക്കാല-ദീർഘകാല പദ്ധതികൾ എന്നിങ്ങനെയുള്ളവ രൂപപ്പെടുത്തി പ്രവർത്തനം നടപ്പിലാക്കാനാണ് ആലോചിക്കുന്നത്. |
| (ഡി) | ധനകമ്മീഷൻ നിശ്ചയിച്ച സമയക്രമം അനുസരിച്ചുള്ള ധനദൃഢീകരണ പ്രവർത്തനങ്ങൾ സംസ്ഥാനം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സാമ്പത്തിക ഞെരുക്കത്തിനിടയിലും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് സർക്കാർ ഏറ്റെടുത്തുവരുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ജി.എസ്.ഡി.പി. യും തമ്മിലുള്ള അനുപാതത്തിന്റെ തോത് 2021-22-ലെ 2.23 ശതമാനത്തെ അപേക്ഷിച്ച് 2022-23-ൽ 0.88 ശതമാനമാക്കി കുറയ്ക്കാൻ കഴിഞ്ഞതും സംസ്ഥാനത്തിന്റെ ധനകമ്മിയും ജി.എസ്.ഡി.പി. യും തമ്മിലുള്ള അനുപാതത്തിന്റെ തോത് 2021-22-ലെ 3.99 ശതമാനത്തെ അപേക്ഷിച്ച് 2022-23-ൽ 2.44 ശതമാനമാക്കി കുറയ്ക്കാൻ കഴിഞ്ഞതും സംസ്ഥാന സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രയത്നത്തിന്റെ ഫലമാണ്. |

സെക്ഷൻ ഓഫീസർ